# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 1249 — 12/07/2011 ൽ മറുപടി നൽകേണ്ടിയിരുന്നത്

ക്രിമിനൽ കേസിലുൾപ്പെട്ട പോലീസുകാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി: | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |

| | |
|---|---|
| (എ) ക്രിമിനൽ പോലീസുകാരെ നിയമത്തിന് മുന്നിൽകൊണ്ടുവരണമെന്നും ഇത്തരക്കാർ പോലീസ് സേനയ്ക്ക് ഭൂഷണമല്ലെന്നും കേന്ദ്ര ആഭ്യന്തര സഹമന്ത്രിയുടെതായിവന്ന പത്രവാർത്ത-കൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇത് സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുമോ ; | (ബി) ക്രിമിനൽ കേസ്സിൽ ഉൾപ്പെടുന്ന പോലീസുദ്യോഗസ്ഥരെ നിരീക്ഷിക്കു-കയും അവരെ നിയമത്തിന് മുൻപിൽ കൊണ്ടുവരികയും അവർക്കെതിരെ വകുപ്പുതല നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. |
| (സി) 2001-2006 വരെയും 2006-2011 വരെയുമുള്ള കാലയളവിൽ ക്രിമിനൽ കേസുകളിലും മറ്റ് ക്രമക്കേടുകളിലും-പെട്ട എത്ര പോലീസുകാർക്കെതിരെ നടപടി എടുത്തിട്ടുണ്ടെന്ന് പ്രത്യേകം പ്രത്യേകം ലഭ്യമാക്കുമോ ; | (സി) 2001-2006 കാലയളവിൽ 171 പോലിസ് ഉദ്യോഗസ്ഥർക്കെതിരെയും 2006-2011 കാലയളവിൽ 416 പോലീസ് ഉദ്യോഗസ്ഥർക്കെതിരെയും വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) ഇവരുടെമേലുള്ള ആരോപണ-ങ്ങളും അത് സംബന്ധിച്ചുണ്ടായ സർക്കാർ നടപടിയും അറിയിക്കുമോ ? | (ഡി) അബ്കാരി ക്രിമിനൽ മാഫിയകളു മായുള്ള ബന്ധം, മണിചെയിൻ പോലുള്ള സാമ്പത്തിക തട്ടിപ്പുകളുമായുള്ള ബന്ധം തുടങ്ങിയവയാണ് പോലീസ് ഉദ്യോഗസ്ഥർ ക്കെതിരെയുള്ള പ്രധാന ആരോപണ ങ്ങൾ. ഇത്തരം കേസുകളിൽ ഉൾപ്പെ ടുന്ന പോലീസ് ഉദ്യോഗസ്ഥരുടേയും സേനാംഗങ്ങളുടെയും വരുമാന സ്രോതസ്സുകൾ പരിശോധിക്കുവാനും, അവരെ നിരീക്ഷിക്കുവാനും സസ്പെൻ-ഷൻ ഉൾപ്പെടെയുള്ള വകുപ്പുതല നടപ ടികൾ സ്വീകരിക്കാനും നടപടികൾ എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ